# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4869 — 27.06.2014 ൽ മറുപടിക്ക്

**പെർഫോമൻസ് ആഡിറ്റ് വിഭാഗത്തിന്റെ ലക്ഷ്യങ്ങളും ചുമതലകളും**

| | ചോദ്യം<br>ശ്രീ.അബ്ദു റഹിമാൻ<br>രണ്ടത്താണി | | ഉത്തരം<br>ഡോ. എം.കെ.മുനീർ<br>ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധന നടത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | എ) | 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ പ്രകാരം എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മൂന്ന് മാസത്തിലൊരിക്കലും മറ്റെല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആറു മാസത്തിലൊരിക്കലും പെർഫോമൻസ് ഓഡിറ്റ് നടത്തിയിരിക്കണം. ഈ പരിശോധനകൾ ചട്ടപ്രകാരം എല്ലാ ജില്ലകളിലും ക്രമപ്രകാരം എല്ലാ വർഷങ്ങളിലും നടന്നു വരുന്നുണ്ട്. |
| ബി) | പെർഫോമൻസ് ഓഡിറ്റ് വിഭാഗം കണ്ടെത്തിയ ക്രമക്കേടുകളിൽ ഈ കാലയളവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | ബി) | പെർഫോമൻസ് ഓഡിറ്റ് എന്നത്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായി നിർവ്വഹിക്കപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനും പാകപ്പിഴകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് യഥാസമയം നിർദ്ദേശം നല്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ഇപ്രകാരം കണ്ടെത്തുന്ന ക്രമക്കേടുകൾ പരിഹരിക്കുവാൻ അപ്പോൾത്തന്നെ നിർദ്ദേശം നല്കുകയും, അവ പരിഹരിച്ചുവോ എന്ന് തൊട്ടടുത്ത ഓഡിറ്റിൽ ആദ്യ ഇനമായി പരിശോധിച്ച് ഉറപ്പു വരുത്തുകയും ചെയ്യുന്നു. പണാപഹരണം മുതലായ ഗുരുതരമായ കേസുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും. |

| | | | |
|---|---|---|---|
| | | | അത്തരം കേസുകളിൽ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്. |
| സി) | പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ ലക്ഷ്യങ്ങളും ചുമതലകളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | സി) | 'പെർഫോമൻസ് ഓഡിറ്റ്' എന്നാൽ ഒരു പഞ്ചായത്തിൽ നിക്ഷിപ്തമായ വികസനപരവും ജനക്ഷേമപരവുമായ ചുമതലകളും ആ പഞ്ചായത്തിനെ ഭരമേല്പിച്ച സാമ്പത്തികവും നിയന്ത്രണപരവുമായ അധികാരങ്ങളും, നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനും പാകപ്പിഴകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ യഥാസമയം അതിന് നിർദ്ദേശങ്ങൾ നല്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഭരണ നിർവ്വഹണ പരിശോധന ആണ്. അതിൽ ഒരു പഞ്ചായത്തിലെ അഥവാ പഞ്ചായത്തിന്റെ ഭരണ നിയന്ത്രണത്തിൽപ്പെടുന്ന സ്ഥാപനത്തിലെ കണക്കുകൾ, രേഖകൾ നടപടിക്രമങ്ങൾ എന്നിവയും, നികുതിയുടെ അസസ്മെന്റ്, ഡിമാന്റ്, കളക്ഷൻ എന്നിവയും, മരാമത്ത് പണികളും സൂക്ഷ്മമായി പരിശോധിച്ച് അപാകതകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവ ചൂണ്ടിക്കാണിക്കുന്നതും നിയമാനുസൃതമുള്ള നടപടികൾ പാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കലും നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തലുമാണ് പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ ചുമതലകൾ. |

**സെക്ഷൻ ഓഫീസർ**